## പതിനാലാം കേരള നിയമസഭ രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4410
## - 25.10.2016-ന് മറുപടി നൽകേണ്ടത്

### സ്വയം സംരംഭക മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. പി.കെ. ബഷീർ | ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ സ്വയം സംരംഭക മിഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സംസ്ഥാനത്തെ യുവതീ യുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| ബി | ഇതുവരെ എത്ര പേർക്ക്/എത്ര ഗ്രൂപ്പുകൾക്ക് സ്വയം സംരംഭകമിഷൻ മുഖേന വായ്പ നൽകി ; എത്ര തുക അപ്രകാരം നൽകി; | 31.05.2016 ലെ കണക്കുകൾ പ്രകാരം 11033 പ്രൊമോർട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. അതിൽ 3836 പേർ 1757 സംരംഭങ്ങൾ തുടങ്ങുകയും അവർക്ക് 15179.14 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യുകയും ഉണ്ടായി. |
| സി. | പ്രസ്തുത സംരംഭത്തിൽ വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതരായ നല്ല ആശയങ്ങളുള്ള, വ്യവസായം നടത്തി മുൻ പരിചയമില്ലാത്ത, യുവതീ യുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം.<br>+ 2/ വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്. |

| | | |
|---|---|---|
| ഡി. | സ്വയം സംരംഭക മിഷൻ ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | 2016 മെയ് വരെ പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് വായ്പ വിതരണം നടത്തുന്നുണ്ട്. 2011 മുതൽ 5 വർഷത്തേയ്ക്കാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിയ്ക്കും. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. |

**സെക്ഷൻ ഓഫീസർ**